LIBRARY ARCHIVES Kerala Legislative Assembly

ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി

6 (*606) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ പണം അടച്ചിട്ടും വനം വകുപ്പിന്റെ എതിർപ്പുമൂലം ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദുർബല വിഭാഗങ്ങളിപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാൻ മുഹമ്മദ്) :

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ യോജന (ആർ.ജി.ജി.വി.വൈ.) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. കൂടാതെ മറ്റ് വിഭാഗക്കാർക്ക് ആർ.ജി.ജി.വി.വൈ. പദ്ധതിയിൽപ്പെടുത്തി ഒ.എച്ച്. വൈനുകൾ നിർമ്മിച്ച് ഡബ്ല്യു.പി. കണക്ഷനുവേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. ആർ.ജി.ജി.വി.വൈ. പദ്ധതി ഇല്ലാത്ത മേഖലകളിൽ കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയുള്ള എല്ലാ ബി.പി.എൽ. അപേക്ഷകർക്കും 1000 വാട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ നൽകുവാൻ പുതിയതായി നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ "യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്"

7 (*607) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ "യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്" നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഐ.ടി. മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും യുവസംരംഭകർക്ക് അവസരമൊരുക്കാൻ സമ്മിറ്റ് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് ഈ സമ്മിറ്റുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സമ്മിറ്റിന്റെ പ്രചരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 2014 സെപ്റ്റംബർ മാസം 12-ാം തീയതി യംഗ് എന്റർപ്രണർഷിപ്പ് സമ്മിറ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പുതു യുവ സംരംഭകർക്ക് അവരുടെ ആശയങ്ങൾ വ്യവസായ, വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക, കേരളത്തെ യുവസംരംഭകരുടെ അറിയപ്പെടുന്ന കേന്ദ്രമാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിനുള്ളത്.

(ബി) ലൈഫ് സയൻസ്, ഫുഡ് പ്രോസസ്സിംഗ്, കാർഷികം, മറൈൻ തുടങ്ങി വിവിധ ഐ. ടി. ഇതര മേഖലകളിലും സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന യുവസംരംഭകർക്കുവേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുക.

വെൻച്വർ ക്യാപിറ്റൽ അസിസ്റ്റൻസ് സ്കീം എന്ന പേരിൽ പുതുയുവ സംരംഭങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. ആസൂത്രണം ചെയ്യുന്നുണ്ട്. സംരംഭകന് ഒപ്പംചേർന്ന് നിക്ഷേപിക്കാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിനകത്തുവരുന്ന അനുയോജ്യമായ പുതുസംരംഭങ്ങൾക്ക് 25 ലക്ഷംരൂപവരെ ഈ ഇനത്തിൽ സാമ്പത്തികസഹായം ലഭിക്കും.

ഇതുകൂടാതെ വിവരസാങ്കേതിക വിദ്യ വകുപ്പ് T-TBI ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിലൂടെ കേരളത്തിൽ 3000 ടെക്നോളജി സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിന് കേരള ഐ. ടി. പോളിസി 2012 വിഭാവനം ചെയ്യുന്നു. വിവരസാങ്കേതിക വിദ്യയ്ക്ക് പുറമെ എല്ലാ മേഖലകളിലും സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്സ്, മൊബൈൽ കമ്മ്യൂണിക്കേഷൻസ്, കൃഷി, കായികം, മത്സ്യബന്ധനം, ജനിതക സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലുള്ള വ്യവസായ പ്രമുഖരെ പങ്കെടുപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സംരംഭകത്വവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകർക്ക് ഒരു എക്സ്പോഷർ നൽകുക, ഇവർക്കായി ഏയ്ഞ്ചൽ ഇൻവെസ്റ്റേഴ്സിനെ കണ്ടുപിടിക്കുക എന്നതിനും യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ് മുഖേന സാധിക്കുന്നതാണ്. എല്ലാ മേഖലയിലുമുള്ള കൂടുതൽ യുവസംരംഭകരെ ആകർഷിക്കുന്നതിനും ധനസഹായം നൽകുന്നതിനുള്ള ഇൻവെസ്റ്റേഴ്സിനെ കണ്ടുപിടിക്കുന്നതിനും സാധിക്കുന്നു. കൂടാതെ യുവസംരംഭകത്വത്തിലേക്ക് വന്നിട്ടുള്ളവർക്ക് വെഞ്ചർ ക്യാപിറ്റൽ ഫണ്ടിനുവേണ്ടി സഹായം നൽകാൻ തയ്യാറുള്ളവരുമായി അവരെ ബന്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

(സി) ഈ സമ്മിറ്റുമായി സഹകരിക്കുന്നത്, ടെക്നോപാർക്ക്-ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ, ഇൻഫോ പാർക്ക്, സ്റ്റാർട്ടപ്പ് വില്ലേജ് എന്നിവരാണ്.

(ഡി) യെസ് (യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്)-ന്റെ ലോഗോ പ്രകാശനവും പ്രഖ്യാപനവും ഈ കഴിഞ്ഞ് ജൂൺമാസം 17-ാം തീയതി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ബഹു.വ്യവസായ ഐ. ടി. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. മറ്റ് പ്രചാരണ പരിപാടികൾ ആരംഭിച്ചിട്ടില്ല.

ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി

8 (*608) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൻകീഴിൽ വരുന്ന KSFE, KFC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളിലൂടെ കൂടുതൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങൾവഴി നൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം എങ്കിലും പലിശ ഇളവ് ചെയ്തുനൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കെഎസ്എഫ്ഇയുടെ സേവനം കേരളത്തിലെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ശാഖകൾ ആരംഭിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി 123 പുതിയ ശാഖകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെയും കർഷിതാക്കളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിദ്യാധനം, എഡ്യൂകെയർ എന്നീ പദ്ധതികൾ രൂപീകരിക്കുന്നതിന് കെ. എസ്.എഫ്. ഇ.യ്ക്ക് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly